## പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1754 17.12.2012 ലെ മറുപടിയ്ക്ക്**

### ജനസമ്പർക്ക പരിപാടിയിലൂടെ ചേർത്തല താലൂക്കിൽ ലഭിച്ച അപേക്ഷകളും തീർപ്പാക്കൽ നടപടികളും

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. തിലോത്തമൻ | ശ്രീ.ഉമ്മൻചാണ്ടി (മുഖ്യമന്ത്രി) |
| (എ) മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിലൂടെ ലഭിച്ചിരുന്ന എല്ലാ അപേക്ഷകളിലും ഇതിനോടകം തീർപ്പുണ്ടായോ എന്നു വ്യക്തമാക്കാമോ; | (എ) ഇല്ല. പൂർണ്ണമായും തീർപ്പാക്കിയ അപേക്ഷകളുടെ വിശദാംശങ്ങൾ അനുബന്ധം (1) ൽ ചേർത്തിരിക്കുന്നു. |
| (ബി) ജനസമ്പർക്ക പരിപാടിയിലൂടെ ചേർത്തല താലൂക്കിൽ ലഭിച്ച എല്ലാ അപേക്ഷകളും തീർപ്പായിട്ടുണ്ടോ എന്ന് പറയാമോ; ഇനിയും തീർപ്പാക്കാനുള്ള അപേക്ഷകൾ എത്രയാണെന്നും ഏതെല്ലാം വിഭാഗത്തിലുള്ള അപേക്ഷകളാണ് പൂർണ്ണമായ അർത്ഥത്തിൽ തീർപ്പായതെന്നും വ്യക്തമാക്കാമോ; | (ബി) ഇല്ല. 72 അപേക്ഷകൾ ഇനിയും തീർപ്പാക്കാനുണ്ട്. തീർപ്പാക്കിയ അപേക്ഷകളുടെ എണ്ണം അനുബന്ധം (2) ൽ ചേർത്തിരിക്കുന്നു. |
| (സി) ഭൂമി സംബന്ധമായ അളവുകൾ, റവന്യൂ രേഖകളിലെ പിശകുകൾ തിരുത്തൽ, പോക്കുവരവ്, അതിർത്തി തർക്കങ്ങൾ, കെട്ടിടനികുതി സംബന്ധിച്ച പ്രശ്നങ്ങൾ തുടങ്ങിയ സ്വഭാവത്തിലുള്ളതും ദീർഘകാലമായി പരിഹരിക്കപ്പെടാതിരുന്നതുമായ എത്ര കേസുകളാണ് ചേർത്തല താലൂക്കിൽ ജനസമ്പർക്ക പരിപാടിയിലൂടെ പരിഹരിക്കപ്പെട്ടത് എന്ന് വ്യക്തമാക്കുമോ; വില്ലേജ് തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | (സി)അനുബന്ധം (3) ൽ ചേർത്തിരിക്കുന്നു. |

(ഡി)ജനസമ്പർക്ക പരിപാടികളിലൂടെ നൽകിയ അപേക്ഷകൾക്കുശേഷമുള്ള മറ്റ് അപേക്ഷകൾ എല്ലാ ഓഫീസുകളിലും ധ്രുതഗതിയിൽ തീർപ്പാക്കാൻ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

(ഡി) ജന സമ്പർക്ക പരിപാടിയ്ക്കുശേഷം ലഭിച്ചിട്ടുള്ള അപേക്ഷകൾ/ പരാതികൾ/ നിവേദനങ്ങൾ തുടങ്ങിയവ താമസം വിനാ ബന്ധപ്പെട്ട ആഫീസുകളിലേക്ക് തുടർനടപടികൾക്കായി അയച്ചു കൊടുത്തിട്ടുള്ളതും പരാതി പരിഹരിച്ചതു സംബന്ധിച്ച നടപടി വിവരം ബന്ധപ്പെട്ട വ്യക്തിയെ നേരിട്ട് അറിയിക്കുവാനും ബന്ധപ്പെട്ട ആഫീസർമാക്ക് നിർദ്ദേശം നൽകി വരുന്നുണ്ട്. പരാതികളിൽ/ അപേക്ഷകളിൽ സ്വീകരിച്ച നടപടി വിവരം ലഭ്യമാക്കുന്നതിന് ബന്ധപ്പെട്ട ആഫീസ് മേലധികാരിക്ക് നിർദ്ദേശം നൽകിവരുന്നതും ഇപ്രകാരം ലഭിക്കുന്ന നടപടി വിവരം പരിശോധിച്ച് തുടർ നടപടി ആവശ്യമായിട്ടുണ്ടെങ്കിൽ സ്വീകരിക്കുകയും ചെയ്തു വരുന്നുണ്ട്.

സെക്ഷൻ ഓഫീസർ

**അനുബന്ധം 1**

| ജില്ല | തീർപ്പാക്കിയ പരാതികളുടെ എണ്ണം |
| --- | --- |
| തിരുവനന്തപുരം | 9973 |
| കൊല്ലം | 15937 |
| പത്തനംതിട്ട | 12002 |
| ആലപ്പുഴ | 45614 |
| കോട്ടയം | 73524 |
| ഇടുക്കി | 16137 |
| എറണാകുളം | 13884 |
| തൃശ്ശൂർ | 44517 |
| പാലക്കാട് | 27941 |
| മലപ്പുറം | 58770 |
| കോഴിക്കോട് | 13185 |
| വയനാട് | 21561 |
| കണ്ണൂർ | 21970 |
| കാസർഗോഡ് | 17169 |

സെക്ഷൻ ഓഫീസർ

# അനുബന്ധം 2

| വിഭാഗം | തീർപ്പാക്കിയ അപേക്ഷകളുടെ എണ്ണം |
|---|---|
| മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും സഹായം | 1336 |
| പല വക | 49 |
| മിച്ചഭൂമി | 19 |
| പോക്ക് വരവ് | 68 |
| റവന്യൂ റിക്കവറി | 4 |
| സർവ്വേ | 136 |
| അനധികൃതമണൽകടത്ത് | 47 |
| ലാന്റ് അസൈൻമെന്റ് | 362 |
| പെൻഷൻ | 10 |
| വിവിധ ഓഫീസുകളിൽ കൈകാര്യം ചെയ്യേണ്ടവ | 3140 |

സെക്ഷൻ ഓഫീസർ

## അനുബന്ധം 3

| വില്ലേജ് | ഭൂമി സംബന്ധമായ അളവുകൾ | റവന്യൂ രേഖകളിലെ പിശകുകൾ തിരുത്തൽ | പോക്കു വരവ് | അതിർത്തി തർക്കങ്ങൾ | കെട്ടിട നികുതി |
|---|---|---|---|---|---|
| അരൂർ | 15 | 2 | 3 | 7 | 0 |
| എഴുപുന്ന | 8 | 1 | 0 | 2 | 0 |
| കോടംതുരുത്ത് | 3 | 0 | 0 | 0 | 0 |
| കുത്തിയതോട് | 10 | 0 | 10 | 0 | 0 |
| തുറവൂർ തെക്ക് | 2 | 0 | 8 | 8 | 0 |
| പട്ടണക്കാട് | 1 | 2 | 0 | 1 | 0 |
| വയലാർ കിഴക്ക് | 0 | 1 | 0 | 2 | 0 |
| ചേർത്തല വടക്ക് | 12 | 0 | 0 | 0 | 0 |
| ചേർത്തല തെക്ക് | 21 | 0 | 0 | 0 | 0 |
| മാരാരിക്കുളം വടക്ക് | 15 | 0 | 12 | 3 | 0 |
| കഞ്ഞിക്കുഴി | 4 | 0 | 6 | 0 | 0 |
| തണ്ണീർമുക്കം തെക്ക് | 2 | 0 | 8 | 0 | 0 |
| തണ്ണീർമുക്കം വടക്ക് | 6 | 0 | 7 | 0 | 0 |
| കൊക്കോതമംഗലം | 5 | 0 | 0 | 0 | 0 |
| പള്ളിപ്പുറം | 1 | 0 | 5 | 0 | 0 |
| തൈക്കാട്ടുശ്ശേരി | 1 | 0 | 3 | 0 | 0 |
| അരൂക്കുറ്റി | 0 | 0 | 5 | 0 | 0 |
| പെരുമ്പളം | 1 | 1 | 1 | 0 | 0 |
| പാണാവള്ളി | 0 | 0 | 0 | 0 | 0 |
| കടക്കരപ്പള്ളി | 0 | 0 | 0 | 0 | 0 |
| ആകെ | 107 | 7 | 68 | 23 | 0 |

സെക്ഷൻ ഓഫീസർ